**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1984** **01-09-2022 - ൽ മറുപടിയ്ക്ക്**

**അക്ഷയകേന്ദ്രങ്ങൾ വഴി ആധാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അക്ഷയ കേന്ദ്രങ്ങൾ വഴി ആധാർ എടുക്കുന്നതിനുള്ള സൗകര്യം ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | അക്ഷയ കേന്ദ്രങ്ങൾ വഴി ആധാർ എടുക്കുന്നതിനുള്ള സൗകര്യം ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | കിടപ്പ് രോഗികളുടെ താമസസ്ഥലത്ത് പോയി ആധാർ എടുത്തു കൊടുക്കുന്ന നടപടി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുണ്ട്. |
| (സി) | പല അക്ഷയ കേന്ദ്രങ്ങളും ഈ സേവനത്തിന് തയ്യാറാകാത്തത് കാരണം വൃദ്ധരും കിടപ്പ രോഗികളുമായ പലർക്കും ആധാർ എടുക്കുവാൻ സാധിച്ചിട്ടില്ലായെന്ന കാര്യം പരിഗണിച്ച് ഈ സേവനം തുടർന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായ കിടപ്പ രോഗികളുടെയും വൃദ്ധരുടെയും വിവരങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനം വഴി ശേഖരിച്ച് അക്ഷയ ജില്ലാ ഓഫീസിന്റെ മേൽനോട്ടത്തിൽ പ്രാദേശിക സംരംഭകർ മുഖേന ആധാർ എൻറോൾമെന്റ് നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ